# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM.P5/483/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/05/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)അസി.ഡവലപ്പ്മെന്റ് കമ്മീഷണർ
2)ഡയരക്ടർ(കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്)
3)കാര്യാലയപകർപ്പ്

നമ്പർ: KSA-KLM.P5/483/2022 തീയ്യതി: 23/05/2022

## കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-09-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മാത്യുറോയി.കെ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശശിജോഷ്.(അസി.ഓഡിറ്റ്.ഓഫീസർ)
ശ്രീമതി.ഷീജ.ആർ(അസി.ഓഡിറ്റ്.ഓഫീസർ)
ശ്രീമതി.ജൂഡിറ്റ്.വർഗീസ്.എൻ (സീനി.ഗ്രേഡ്ഓഡിറ്റർ)
ശ്രീമതി.അമല സെർമിയസ്(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലൈല.എസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശരത്ചന്ദ്ര കുറുപ് | സെക്രട്ടറി | 01-04-2019 | 31-07-2019 |
| ശ്രീ രാജശേഖരൻ നായർ കെ ആർ | സെക്രട്ടറി | 01-08-2019 | 04-10-2019 |
| ശ്രീ.ശംഭു.എസ് | സെക്രട്ടറി | 05-10-2019 | 31-03-2020 |
| ശ്രീ ബി വിജയകുമാർ | അസി.എക്സി.എഞ്ചിനീയർ | 01-04-2019 | 11-04-2019 |
| ശ്രീമതി സ്മിത എസ് | അസി.എക്സി.എഞ്ചിനീയർ | 12-04-2019 | 03-07-2019 |
| ശ്രീ ഗിരീഷ് വിആർ | അസി.എക്സി.എഞ്ചിനീയർ | 04-07-2019 | 25-07-2019 |
| ശ്രീമതി മഞ്ജു കെ എസ് | അസി.എക്സി.എഞ്ചിനീയർ | 26-07-2019 | 31-03-2020 |
| ശ്രീമതി രമ്യ എം | അസി.എഞ്ചിനീയർ | 01-04-2019 | 25-08-2019 |
| ശ്രീ ജോണി ജെ ബോസ്കോ | അസി.എഞ്ചിനീയർ | 26-08-2019 | 18-09-2019 |
| ശ്രീ സോണി സഞ്ജീവ് | അസി.എഞ്ചിനീയർ | 19-09-2019 | 13-01-2020 |
| ശ്രീ ജിജോ ഡബ്ല്യൂ എസ് | അസി.എഞ്ചിനീയർ | 14-01-2020 | 31-03-2020 |
| ശ്രീ ജി ഹരിദാസ് | പട്ടികജാതിവികസനഓഫീസർ | 01-04-2019 | 16-10-2019 |
| ശ്രീ എസ് മുരളീധരൻ നായർ | പട്ടികജാതിവികസനഓഫീസർ | 17-10-2019 | 31-03-2020 |
| ശ്രീമതി.ബിൻസി .ബി.എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി ഷെറിൻ എ സലാം | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 09-04-2019 |
| ശ്രീ.ഷിബുകുമാർ .വി.എൻ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 10-04-2019 | 31-03-2020 |
| ശ്രീമതി.രഞ്ജിനി.എൽ | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ഡോ.അനുപമ .ആർ | വെറ്റിനറിസർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ബിജോയ്.എസ് | വ്യവസായവികസനഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രിൻസി ജോൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-3 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: R.Sheeja (Asst. Audit Officer, On 24-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Amala Sermius (Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Amala Sermius (Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-10 |
| 12 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും സ്കോളർഷിപ്പ് ലഭിച്ച വ്യക്തിക്ക് വീണ്ടും അതേ ആനുകൂല്യം നൽകി<br>Written By: R.Sheeja (Asst. Audit Officer, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-05-2022) | 1-11 |
| 13 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-12 |
| 14 | കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ സമഗ്രപരിശീലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-05-2022) | 1-13 |
| 15 | പാലിന് സബ്സിഡി ഒരു ഗുണഭോക്താവിന് ഒന്നിലധികം ആനുകൂല്യം നൽകി | 1-14 |

| | | |
|---|---|---|
| | Written By: Judith Varghese (Senior Grade Auditor, On 07-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | |
| 16 | കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-05-2022) | 1-15 |
| 17 | ജീവനം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: R.Sheeja (Asst. Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-05-2022) | 1-16 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 3-1 |
| 2 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും സ്കോളർഷിപ്പ് ലഭിച്ച വ്യക്തിക്ക് വീണ്ടും അതേ ആനുകൂല്യം നൽകി<br>Written By: Bini Chandran S (Computer Assistant, On 19-05-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-05-2022) | 3-2 |
| 3 | പാലിന് സബ്സിഡി ഒരു ഗുണഭോക്താവിന് ഒന്നിലധികം ആനുകല്യം നൽകി<br>Written By: Judith Varghese (Senior Grade Auditor, On 30-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 19-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 19-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 19-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 19-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 19-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 19-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Amala Sermius (Auditor, On 01-03-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 19-05-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Amala Sermius (Auditor, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

14-0-2019 തീയതിയിലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15.07.2020 | 30.06.2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. B11, B11(a) എന്നിവ പ്രകാരം തൻവർഷം സൃഷ്ടിക്കപ്പെട്ട ആകെ ആസ്തികൾ 53692333/-രൂപയാണ്. എന്നാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B3 പ്രകാരം 28256345/-രൂപയാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസമുള്ള 25435988/-രൂപയുടെ മെയിന്റനൻസ്(റോഡിതരം), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

2. Adhichanalloor FARMERS Service Co-Operative Bank IAY LOAN-ന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 16357/-രൂപയാണ്. എന്നാൽ ബാങ്ക് പാസ്ബുക്ക് പ്രകാരം (A/c No.001001016357) നീക്കിയിരുപ്പ് 146/- രൂപയാണ്.

3. TSB അക്കൌണ്ടിന്റെ (Joint Venture) ബാങ്ക്ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 2416275/-രൂപയും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരുപ്പ് 2416274/-രൂപയുമാണ്. ഒരു രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

4. 2019-20 സാമ്പത്തിക വർഷത്തിൽ TSC ലെ വരവ് 133179/-രൂപയാണ്. എന്നാൽ പ്രസ്തുത തുക വാർഷിക കണക്കിൽ TSC വരവായി ഉൾപ്പെടുത്തിയിട്ടില്ല.

5. 2019-20 സാമ്പത്തിക വർഷത്തിൽ IAY യുടെ വരവ് 580936/- രൂപയാണ്. എന്നാൽ പ്രസ്തുത തുക വാർഷിക കണക്കിൽ IAY യുടെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. അസി.എൻജിനിയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2019-20 സാമ്പത്തികവർഷത്തിൽ 716651/- രൂപയുടെ പാർട്ട് ബില്ലുകൾ മാറിയിട്ടുണ്ട്. Capital Work In Progress പൂജ്യമായാണ് വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്.

7. വികസന ഫണ്ട് ജനറൽ ACR പ്രകാരമുള്ള ചെലവ് 28448535/-രൂപ ആണ്. എന്നാൽ AFS പ്രകാരമുള്ള വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 30629535/-രൂപയാണ്.

8. NREGS-ന്റെ ബാങ്ക് അക്കൌണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. വായ്പ തിരിച്ചടവിനത്തിൽ തൻവർഷം ഒടുക്കിയ തുക മുതലിനത്തിൽ കുറച്ചാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ തുക മുതലും പലിശയും ചേർത്താണ് ബാങ്കുകൾക്ക് നൽകിയിരിക്കുന്നത്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29694143/-രൂപ |
| വരവ് | 57811312/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87505455/-രൂപ |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57924718/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39753/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8963681/-രൂപ |

1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | - | 39503000/- | 39503000/- | 28448535/- | 11054465/- |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 21619000/- | 21619000/- | 13611960/- | 8007040/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4804000/- | 4804000/- | 2592761/- | 2211239/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.എ.വൈ | 3196275/- | 630000/- | 3826275/- | 1410000/- | 2416275/- |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 91563506/- | 98 | 45719781/- | 0 | 21 | 82.35% |

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവഹണം നടത്തുന്നതിന്

ഉതകുന്ന ഭരണസംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകൾ കൂടി സംയോജിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണസംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലെയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലെയും ജാഗ്രതക്കുറവ് പ്രകടമാണ്.

വികസനപ്രവർത്തനങ്ങൾക്കും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ വാർഷികപദ്ധതി നിർവഹണപ്രവർത്തനങ്ങളിലൂടെ വേണ്ടത്ര ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെയും സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെയും കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ഭരണകർത്താക്കളാൽ പ്രാവർത്തികമാക്കപ്പെടേണ്ട ചുവടെ ചേർക്കുന്ന മേഖലകളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ദുർബലമായതിനാൽ നടപടിക്രമങ്ങളിലും പദ്ധതി നിർവ്വഹണത്തിലും പോരായ്മകളുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ മാസത്തേയും രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണമെന്ന കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ക്ഷേമപദ്ധതികൾക്കായുള്ള ധനവിനിയോഗത്തിൽ പ്രക്രിയാതല നിയന്ത്രണം സാധ്യമാക്കാനുതകുന്ന വിധത്തിൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 To 27.11.2021 | 2020-21 | 23.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.16 To 22.03.16 | 2012-13 To 2014-15 | 10.05.16 |

## 1-11 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും സ്കോളർഷിപ്പ് ലഭിച്ച വ്യക്തിക്ക് വീണ്ടും അതേ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ നം. 86/19-20) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 4,00,000/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 3,50,000/-രൂപ |

മേൽ പദ്ധതി പ്രകാരം M.Ed വിദ്യാർത്ഥിനിയായ ( ഫാത്തിമ്മ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, പള്ളിമുക്ക്, കൊല്ലം), സ്മിത.ആർ (വട്ടവിള പടിഞ്ഞാറ്റതിൽ വീട്, ചിറക്കരത്താഴം പി.ഒ) എന്ന വിദ്യാർത്ഥിയ്ക്ക് പട്ടികജാതി വികസന ഓഫീസറുടെ 9.01.20ലെ ഉത്തരവ് നമ്പർ ഐ.ബി 423/19 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20,000/-രൂപ (ബിൽ നമ്പർ.31/19-20, 23.01.20) എസ്.ബി.ഐ-യുടെ കൊല്ലം ബ്രാഞ്ചിലെ 38654294664 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതേ വിദ്യാർത്ഥിക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും 15000/- രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. (ബിൽ ഐഡി - 19030152096200741067 ട്രഷറി നമ്പർ- 190301000000028411). ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും 15,000/- രൂപ ആനുകൂല്യം ലഭിച്ച വിദ്യാർത്ഥിയ്ക്ക് വീണ്ടും 20,000/-രൂപ അനുവദിച്ച നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ തുക തിരികെ അടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ആയത് അടച്ച് ചെല്ലാൻ ഹാജരാക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. 14.02.2018 ലെ സ.ഉ (കൈ)നം.22/2018/ത.സ്വ.ഭ.വ ഉത്തരവിലെ ഖ 7.2.6ലെ കുറിപ്പിൽ, മേൽ പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ഒന്നിൽകൂടുതൽ തവണ ധനസഹായത്തിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം അനുവദിച്ച 20,000/-രൂപ മേൽ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

നിരാകരിച്ച ചെലവ്- 20,000/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ.4/2019-20, 28.02.2022

## 1-12 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സി.ഡി.പി.ഒ എന്നിവർ 2019-20 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

( I )

| ക്രമ നം. | പദ്ധതിയുടെ പേര്, അടങ്കൽ തുക / ഫണ്ടിനം | ചെലവ് തുക<br>ബിൽ നം – തീയതി/നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തടസ്സപ്പെടുത്തുന്ന തുക (രൂപ) |
|---|---|---|---|---|
| 1 | പൊതു സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതുമായി ബന്ധപ്പെട്ട നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ<br>പ്രോജക്ട് നം. – 9/19-20<br>350000/- (വികസന ഫണ്ട്-ജനറൽ) | 5,00,000/-രൂപ<br>ബിൽ നമ്പർ 31/19-20, 28.01.20 (സെക്രട്ടറി) | എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രോണിക്സ് ഡിവിഷൻ, പി.ഡബ്ല്യൂ.ഡി, തിരുവനന്തപുരം | 5,00,000/-രൂപ |
| 2 | ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ള പദ്ധതി- | 25,63,567/-രൂ<br>14,13,567/ –രൂ<br>20/19-20, 24.09.19 | വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കൊല്ലം | 25,63,567/-രൂപ |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 19-20<br>പ്രോജക്ട് നം. – 16/19-20<br>25,63,567/-(വികസന ഫണ്ട്-ജനറൽ) | 1,50,000/-രൂ 38/19-20, 30.01.20<br>5,00,000/-രൂ 37/19-20, 30.01.20<br>5,00,000/-രൂ 39/19-20, 31.01.20 (സെക്രട്ടറി) | | |
| 3 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 19-20<br>പ്രോജക്ട് നം. – 14/19-20<br>13,00,000/-(വികസന ഫണ്ട്-എസ്.സി.പി) | 13,00,000/-രൂ<br>21/19-20, 23.09.19 (സെക്രട്ടറി) | വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കൊല്ലം | 13,00,000/-രൂപ |
| | | | ആകെ | 43,63,567/- |

പദ്ധതികളുടെ പൂർത്തീകരണത്തിന്റെയും ഫണ്ടിന്റെ വിനിയോഗത്തിന്റെയും സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 43,63,567/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി 43,63,567/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം- 43,63,567/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ.2/19-20, 26.02.2022

( I I )

| | | | | |
|---|---|---|---|---|
| 1 | ബഡ്സ് സ്കൂളുകൾക്ക് ടോയിലറ്റ് നിർമ്മാണം വിഹിതം നൽകൽ. പ്രോജക്ട് നം-90/19-20 300000/-(വികസന ഫണ്ട്) | 8/19-20 300000/-രൂ തീ.26.3.20 (സി.ഡി.പി.ഒ) | ചിറക്കര ഗ്രാമപഞ്ചായത്ത് | 300000/-രൂപ |
| 2 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ പ്രോജക്ട് നം. 11 1400000/-(വികസന ഫണ്ട്) | 2/19-20 1400000/-രൂ തീ.17.8.19 (സി.ഡി.പി.ഒ) | ചിറക്കര ഗ്രാമപഞ്ചായത്ത്, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 800000/-രൂപ |
| 3 | അംഗൻവാടി പോഷകാഹാര വിഹിതം നൽകൽ പ്രോജക്ട് നം. 12 | 3/19-20 1100000/-രൂ തീ.17.8.19 (സി.ഡി.പി.ഒ) | പൂതക്കുളം ഗ്രാമപഞ്ചായത്ത് | 200000/-രൂപ |

| | | | | |
|---|---|---|---|---|
| | 1100000/-(വികസന ഫണ്ട്) | | | |
| 4 | ബഡ്സ് സ്കൂളിന് വിഹിതം നൽകൽ പ്രോജക്ട് നം. 89 1200000/-(വികസന ഫണ്ട്) | 4/19-20 1200000/-രൂ തീ.30.9.19 (സി.ഡി.പി.ഒ) | പൂതക്കുളം ഗ്രാമപഞ്ചായത്ത്, ചിറക്കര ഗ്രാമപഞ്ചായത്ത്, ( ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് - 200000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്) | 1000000/-രൂപ |
| | | | ആകെ തുക | 2300000/- |

മുകളിൽ പരാമർശിച്ച തുകയായ 2300000/-രൂപ ചെലവഴിക്കാൻ ബാക്കിനിൽക്കുന്നതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 2300000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ. 8, തീ.2.3.22

1-13 കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ സമഗ്രപരിശീലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം- 107

വികസനഫണ്ട് അടങ്കൽ- 200000/-രൂപ

ചെലവ്- 33540/-രൂപ

ബിൽനം- 5/19 തുക-29600/-രൂപ, തീയതി-22/2/20

ബിൽ നം-6/19 തുക- 3940/-രൂപ, തീയതി-22/2/20

2019-20 വർഷം സി.ഡി.പി.ഒ നിർവഹണം നടത്തിയ കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ സമഗ്രപരിശീലനം എന്നപദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1) പ്രസ്തുത പദ്ധതിപ്രകാരം 200 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 2 ദിവസത്തെ പരിശീലനമാണ് നൽകിയത്. അതിൽ 28/12/19-ൽ നടത്തിയ പരിശീലനത്തിൽ 181 കുട്ടികളുടെ ഹാജർ ആണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ബിൽ പരിശോധിച്ചതിൽ 200 കുട്ടികൾക്ക് ഭക്ഷണത്തിന് തുക ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ ( ഭക്ഷണം, ചായ, പലഹാരം എന്നിവ ഇനത്തിൽ) അധികമായി 1283/-രൂപ ചെലവഴിച്ചിരിക്കുന്നു. പ്രസ്തുതവിവരം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി 2/12/19-ൽ ക്വട്ടേഷൻ നോട്ടീസ് നൽകിയതു പ്രകാരം രണ്ടു വ്യക്തികൾ ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. അതിൽ ദേവുസഞ്ചയൻ എന്ന വ്യക്തി ദിവസം 6000/-രൂപ നിരക്കിലും ഡോ.പ്രകാശ് രാമകൃഷ്ണൻ എന്ന വ്യക്തി മണിക്കൂറിൽ 1000/-രൂപ നിരക്കിലും പഠിപ്പിക്കാൻ താത്പര്യമാണെന്ന് കാണിച്ച് ക്വട്ടേഷൻ നൽകിയെങ്കിലും പരിശീലനം നടത്തിയവകയിൽ പാർവതീ ദാസ്, മോഹനചന്ദ്രൻ നായർ എന്നീ വ്യക്തികൾക്കാണ് തുക നൽകി കാണുന്നത്. ടി വ്യക്തികൾക്ക് യഥാക്രമം 5000/-, 3500/- എന്നീ തുകകൾ നൽകിയിരിക്കുന്നു. എന്നാൽ ക്വട്ടേഷനിൽ പരിശീലകരുടെ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ

ഉൾപ്പെടുത്തിയിട്ടില്ല. മണിക്കൂറിൽ ഇത്ര രൂപ നിരക്കിൽ പരിശീലനം നൽകാൻ തയ്യാറാണ് എന്നുള്ളതിന്റെ അടിസ്ഥാനവിവരമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ക്വട്ടേഷൻ പ്രകാരം പരിശീലനത്തിനായി ആരെയാണ് തിരഞ്ഞെടുത്തത്, തിരഞ്ഞെടുത്തതിന്റെ കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ രണ്ട് ഖണ്ഡികകളിലുമായി പരാമർശിക്കുന്ന ആകെ തുക 9783/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകളും വിശദീകരണങ്ങളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവ് തടസ്സം- 9783/-രൂപ

ഓഡിറ്റ് എൻക്വയറി നം-5 തീയതി-2/3/22

1-14 പാലിന് സബ്സിഡി ഒരു ഗുണഭോക്താവിന് ഒന്നിലധികം ആനുകൂല്യം നൽകി

പ്രോജക്ട് നം- 13, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

വികസനഫണ്ട് അടങ്കൽ- 4250000/-രൂ

1) ബിൽ നം.2/19-20, തുക – 2785443/-

2) ബിൽ നം.3/19-20 തുക- 209023/-

3) ബിൽ നം.4/19-20 തുക- 161800/-

4) ബിൽ നം.5/19-20 തുക- 241538/-

5) ബിൽ നം.6/19-20 തുക- 249720/-

6) ബിൽ നം.8/19-20 തുക- 425446

7) ബിൽ നം.9/19-20 തുക- 177030/-

ചെലവ്- 4250000/-രൂ

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി.14.2.2018, ഖ.6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40000/- രൂപയാണെന്നിരിക്കെ പരിധി ലംഘിച്ച് ആനുകൂല്യം നൽകിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | UTR NO | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | അധികം അനുവദിച്ച തുക(രൂപ) | ബിൽ ഐ.ഡി |
|---|---|---|---|---|---|
| ശ്രീത.കെ അശ്വതി 030341200820035 | 29960/- | U000000719567322 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | | 19030463068200614262 |
| ,,,,,, | 10209/- | U000000700188590 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | | 19030452099100717944 |
| ,,,,,, | 12352/- | U000000728552542 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | | 19030452099200421777 |
| ആകെ അനുവദിച്ച സബ്സിഡി | 52521/- | | | 12521/- | |

രേഖാമൂലമുള്ള അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, അധികമായി നൽകിയ സബ്സിഡി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം-9 തീയതി-2/3/22

1-15 കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയതായോ സ്റ്റാക്ക് ചെയ്തതായോ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലേലം ചെയ്ത് നൽകുകയോ അവയുടെ വില ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് (M3) | എം ബുക്ക് |
|---|---|---|---|
| 1. | പ്രോ.നം.121/20-ചിറക്കര ഗ്രാമപഞ്ചായത്തിലെ താവണംപോയ്ക കോളനി സംരക്ഷണം.<br>അടങ്കൽ: 5,00,000/-<br>എസ്റ്റിമേറ്റ് നം.2019/119150<br>ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)<br>കരാർ നം.: 3/AE/LSGD/IBP/19-20<br>തീ.16.09.19<br>എം.ബുക്ക് നം. :02/19-20<br>ചെലവ് : 475966/-രൂപ<br>ബിൽ നം.: 9/20.01.20 | 24.675 | 2/19-20<br>Page No.5 |
| | | 6.996 | 2/19-20<br>Page No.10 |
| | | 9.657 | 2/19-20<br>Page No.12 |
| | ആകെ | 41.328 | |

പുനരുപയോഗിക്കാത്തതുമായ 41.328 ഘന മീറ്റർ മണ്ണിന്റെ വില ലോക്കൽ മാർക്കറ്റ് വിലയായ ഘന മീറ്ററിന് 175/-രൂപ നിരക്കിൽ കണക്കാക്കി 7232/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക - 7232/-രൂപ

ഓഡിറ്റ് എൻക്വയറി നം - 3/26.02.22

## 1-16 ജീവനം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജീവനം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (പ്രോജക്ട് നം. 17/19-20) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 22,90,331/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 22,90,331/-രൂപ<br>1,09,331/-രൂപ 14/19-20, 21.08.19<br>21,81,000/-രൂപ 19/19-20,24.09.19 |

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണ് ജീവനം-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (പ്രോജക്ട് നമ്പർ നം17/19-20). ജീവനം-കിഡ്നി വെൽഫെയർ ഫൗണ്ടേഷൻ എന്ന പദ്ധതിക്ക് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള വിഹിതം സിൻഡിക്കേറ്റ് ബാങ്കിന്റെ കുണ്ടറ ശാഖയിലെ 45022210010700 എന്ന അക്കൗണ്ടിലേക്ക് ലഭ്യമാക്കണമെന്ന് 13.08.2019 ലെ എ12-999/2019 കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2019 ലെ ഡി.1487/2019

ഉത്തരവ് പ്രകാരം 22,90,331/- രൂപ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സിൻഡിക്കേറ്റ് ബാങ്കിന്റെ കുണ്ടറ ശാഖയിലുള്ള മേൽ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ 23.01.2017 ലെ ജി.ഒ.(പി) 07/2017/ ധന ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി മാത്രം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്നും ടി അക്കൗണ്ടിൽ മറ്റ് ഫണ്ടുകൾ നിക്ഷേപിക്കാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി മാത്രം സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ഉണ്ടായിരിക്കെ സിൻഡിക്കേറ്റ് ബാങ്കിന്റെ കുണ്ടറ ശാഖയിലേക്ക് അനുവദിച്ച 22,90,331/- രൂപ ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു.

തടസ്സം – 22,90,331/- രൂപ

ഓഡിറ്റ് എൻക്വയറി നം. 2/19-20, 26.02.22

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയതായോ സ്റ്റാക്ക് ചെയ്തതായോ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലേലം ചെയ്ത് നൽകുകയോ അവയുടെ വില ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് (M3) | എം ബുക്ക് |
|---|---|---|---|
| 1. | പ്രോ.നം.121/20-ചിറക്കര ഗ്രാമപഞ്ചായത്തിലെ താവണംപോയ്ക കോളനി സംരക്ഷണം.<br>അടങ്കൽ: 5,00,000/-<br>എസ്റ്റിമേറ്റ് നം.2019/119150<br>ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)<br>കരാർ നം.: 3/AE/LSGD//IBP/19-20<br>തീ.16.09.19<br>എം.ബുക്ക് നം. :02/19-20<br>ചെലവ് : 475966/-രൂപ<br>ബിൽ നം.: 9/20.01.20 | 24.675 | 2/19-20 Page No.5 |
| | | 6.996 | 2/19-20 Page No.10 |
| | | 9.657 | 2/19-20 Page No.12 |
| | ആകെ | 41.328 | |

പുനരുപയോഗിക്കാത്തതുമായ 41.328 ഘന മീറ്റർ മണ്ണിന്റെ വില ലോക്കൽ മാർക്കറ്റ് വിലയായ ഘന മീറ്ററിന് 175/-രൂപ നിരക്കിൽ കണക്കാക്കി 7232/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

നിരാകരിച്ച തുക - 7232/-രൂപ

ഓഡിറ്റ് എൻക്വയറി നം - 3/26.02.22

3-2 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും സ്കോളർഷിപ്പ് ലഭിച്ച വ്യക്തിക്ക് വീണ്ടും അതേ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ നം. 86/19-20) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 4,00,000/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 3,50,000/-രൂപ |

മേൽ പദ്ധതി പ്രകാരം M.Ed വിദ്യാർത്ഥിനിയായ ( ഫാത്തിമ്മ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, പള്ളിമുക്ക്, കൊല്ലം), സ്മിത.ആർ (വട്ടവിള പടിഞ്ഞാറ്റതിൽ വീട്, ചിറക്കരത്താഴം പി.ഒ) എന്ന വിദ്യാർത്ഥിയ്ക്ക് പട്ടികജാതി വികസന ഓഫീസറുടെ 9.01.20ലെ ഉത്തരവ് നമ്പർ ഐ.ബി 423/19 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20,000/-രൂപ (ബിൽ നമ്പർ.31/19-20, 23.01.20) എസ്.ബി.ഐ-യുടെ കൊല്ലം ബ്രാഞ്ചിലെ 38654294664 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതേ വിദ്യാർത്ഥിക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും 15000/- രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. (ബിൽ ഐഡി - 19030152096200741067 ട്രഷറി നമ്പർ- 190301000000028411). ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും 15,000/- രൂപ ആനുകൂല്യം ലഭിച്ച വിദ്യാർത്ഥിയ്ക്ക് വീണ്ടും 20,000/-രൂപ അനുവദിച്ച നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ തുക തിരികെ അടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ആയത് അടച്ച് ചെല്ലാൻ ഹാജരാക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. 14.02.2018 ലെ സ.ഉ (കൈ)നം.22/2018/ത.സ്വ.ഭ.വ ഉത്തരവിലെ ഖ 7.2.6ലെ കുറിപ്പിൽ, മേൽ പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ഒന്നിൽകൂടുതൽ തവണ ധനസഹായത്തിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം അനുവദിച്ച 20,000/-രൂപ മേൽ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

നിരാകരിച്ച ചെലവ്- 20,000/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ.4/2019-20, 28.02.2022

3-3 പാലിന് സബ്സിഡി ഒരു ഗുണഭോക്താവിന് ഒന്നിലധികം ആനുകൂല്യം നൽകി

പ്രോജക്ട് നം- 13, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
വികസനഫണ്ട് അടങ്കൽ- 4250000/-രൂ
1) ബിൽ നം.2/19-20, തുക – 2785443/-
2) ബിൽ നം.3/19-20 തുക- 209023/-
3) ബിൽ നം.4/19-20 തുക- 161800/-

4) ബിൽ നം.5/19-20 തുക- 241538/-

5) ബിൽ നം.6/19-20 തുക- 249720/-

6) ബിൽ നം.8/19-20 തുക- 425446

7) ബിൽ നം.9/19-20 തുക- 177030/-

ചെലവ്- 4250000/-രൂ

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി.14.2.2018, ഖ.6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40000/- രൂപയാണെന്നിരിക്കെ പരിധി ലംഘിച്ച് ആനുകൂല്യം നൽകിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | UTR NO | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | അധികം അനുവദിച്ച തുക(രൂപ) | ബിൽ ഐ.ഡി |
|---|---|---|---|---|---|
| ശ്രീത.കെ അശ്വതി 030341200820035 | 29960/- | U000000719567322 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | | 19030463068200614262 |
| ,,,,,, | 10209/- | U000000700188590 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | | 19030452099100717944 |
| ,,,,,, | 12352/- | U000000728552542 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | | 19030452099200421777 |
| ആകെ അനുവദിച്ച സബ്സിഡി | 52521/- | | | 12521/- | |

രേഖാമൂലമുള്ള അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, അധികമായി നൽകിയ സബ്സിഡി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം-9 തീയതി-2/3/22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 26.02.2022 | കെ.എസ്.എ.കെ.എൽ.എം.പി.5/483/22 തീയതി. 17.5.22 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പൂതക്കുളം ഗ്രാമപഞ്ചായത്ത് | 2019-20 | 350000/- | പി.എം.എ.വൈ | 350000/- | - |
| ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | 2019-20 | 70000/- | പി.എം.എ.വൈ | 70000/- | - |
| ആദിച്ചനല്ലൂർ | 2019-20 | 70000/- | പി.എം.എ.വൈ | 70000/- | - |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | | | | |
| കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 2019-20 | 140000/- | പി.എം.എ.വൈ | 140000/- | - |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി - ഇലക്ട്രോണിക്സ് | നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ | 31/19-20 28.1.20 | 5,00,000/- | - | 5,00,000/- |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 39/19-20 31.1.20 | 25,63,567/- | - | 25,63,567/- |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21/19-20 23.9.19 | 13,00,000/- | - | 13,00,000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷം വരവും ചെലവും ഇല്ല.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ- ലോൺ | 90/13 എൽ.എസ്.ജി.ഡി/ 14.3.13 | 136,16,454/- | 1,14,40,792/- | 6,22,200/- | | 1,08,18,592/- |

തൻവർഷം തിരിച്ചടച്ച തുക മുതലിനത്തിൽ കുറച്ചാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ തുക മുതലും പലിശയും ഇനത്തിലാണ് ബാങ്കുകൾക്ക് നൽകിയിരിക്കുന്നത്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | 1-7 | നെൽകൃഷിക്കാർക്ക് മൺവെട്ടി വിതരണം - പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-1 | 2016-17 | - | പട്ടികജാതി/പട്ടിക വർഗ്ഗ പദ്ധതികളുടെ അവലോകനം (വിദ്യാഭ്യാസം) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | | 7232/- | ശ്രീ. ജിജോ ഡബ്ല്യു എസ് അസി.എഞ്ചിനീയർ |
| 3-2 | | 20000/- | ശ്രീ. എസ്.മുരളീധരൻ നായർ പട്ടികജാതി വികസന ഓഫീസർ |
| 3-3 | | 12521/- | ശ്രീമതി. പ്രിൻസി ജോൺ ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2290331/- | ശ്രീ.രാജശേഖരൻ നായർ.കെ.ആർ, സെക്രട്ടറി |
| 1-12 (1) | 1650000/- | ശ്രീ.ശംഭു.എസ്, സെക്രട്ടറി |
| 1-12 (1) | 2713567/- | ശ്രീ.രാജശേഖരൻ നായർ.കെ.ആർ, സെക്രട്ടറി |
| 1-12 (2) | 2300000/- | ശ്രീമതി.രഞ്ജിനി.എൽ, സി.ഡി.പി.ഒ |
| 1-13 | 9783/- | ശ്രീ. ശരത്ചന്ദ്ര കുറുപ്പ് സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ

പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രഞ്ജിനി.എൽ സി.ഡി.പി.ഒ | സി.ഡി.പി.ഒ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കൊല്ലരഴികത്ത് വീട് , മൈലക്കാട് പി.ഒ മൈലക്കാട് |
| ശ്രീമതി. പ്രിൻസി ജോൺ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ക്വാളിറ്റി കൺട്രോൾ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, കൊല്ലം | ഇലഞ്ഞിക്കൽ ഹൌസ്, കാരംകോട് പി.ഒ, പിൻ- 691579 |
| ശ്രീ. ജിജോ ഡബ്ല്യു എസ് അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുളത്തൂർ ഗ്രാമപഞ്ചായത്ത് | പറയൻവിള വീട്, തിരുപ്പുറം, മുള്ളുവിള വീട്, തിരുവനന്തപുരം |
| ശ്രീ.ശംഭു.എസ്, സെക്രട്ടറി | സെക്രട്ടറി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കാർത്തിക, നിയർ ഇ.എസ്.ഐ ഇളമ്പള്ളൂർ, കുണ്ടറ |
| ശ്രീ. രാജശേഖരൻ നായർ കെ.ആർ, സെക്രട്ടറി | ബി.ഡി.ഒ, പറക്കോട് | കുറ്റിക്കാട്ടിൽ വീട്, ചന്ദനത്തോപ്പ് പി.ഒ, കൊല്ലം |
| ശ്രീ. എസ്.മുരളീധരൻ നായർ പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് | കൌസ്തുഭം, 97/126 ഇടവനക്കോണം, എഞ്ചിനീയറിംഗ് കോളേജ് പി.ഒ, ശ്രീകാര്യം, തിരുവനന്തപുരം- 690518 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 മുതൽ 2005-06 വരെ | കെ.എസ്.എ.കെ.എൽ.എം.പി5/1447/18 തീയതി. 07.02.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി5//11/18 തീയതി. 07.02.2018 | 3 |
| 2007-08 | എൽ.എഫ്.ക്യൂ/ഡി.ബി/1390/13 തീയതി. 12.12.2013 | 4 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി5/320/19 തീയതി. 27.03.2019 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/549/16 തീയതി. 31.03.2016 | 11 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.ക്യൂ/ഡി.ബി/2590/14<br>തീയതി. 09.03.2015 | 4 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1371/15<br>തീയതി. 30.10.2015 | 5 |
| 2012-13 &<br>2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1752/16<br>തീയതി. 08.02.2017 | 12 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി5/354/20<br>തീയതി. 30.04.2020 | 6 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി5/829/17<br>തീയതി. 29.11.2017 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി5/1806/19<br>തീയതി. 19.05.2020 | 8 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി5/2035/18<br>തീയതി. 09.01.2020 | 16 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി5/1038/20<br>തീയതി. 20.11.2020 | 16 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്